എമ്മാവൂസ്
# വചനമൂത്ത്

ജൂൺ 23; തിരുഹൃദയ തിരുനാൾ (യോഹ 19:30–37)




"ശാന്തശീലനും വിനീതഹൃദയനുമായ എന്റെ അടുക്കലേക്ക് വരുവിൻ. നിങ്ങളെ ഞാൻ ആശ്വസിപ്പിക്കാം." ഇന്ന് ഈശോയുടെ തിരുഹൃദയ തിരുനാൾ. ശ്ലീഹാക്കാലം 3-ാം ഞായറാഴ്ച കഴിഞ്ഞ് വരുന്ന വെള്ളിയാഴ്ചയാണ് ഈശോയുടെ തിരുഹൃദയ തിരുനാളായി തിരുസഭ കൊണ്ടാടുന്നത് ഏവർക്കും ഈ തിരുനാളിന്റെ നല്ല മംഗളങ്ങൾ നേരുന്നു.

ഓരോ തിരുഹൃദയ തിരുനാളും നമ്മെ ക്ഷണിക്കുകയാണ്. കാലത്തിന്റെ തികവിൽ നസ്രത്തിലെ ഈശോ മനുഷ്യനായി തീർന്നപ്പോൾ മനുഷ്യഹൃദയത്തോടു കൂടി തന്റെ സൃഷ്ടിയായ മനുഷ്യനെ സ്നേഹിക്കാൻ തുടങ്ങി. അതെ, ഈശോയുടെ ഓരോ വാക്കും സ്നേഹത്തിൽ ചാലിച്ചതായിരുന്നു. ഈശോയുടെ ഓരോ പ്രവർത്തനവും സ്നേഹത്തിൽ കേന്ദ്രീകൃതമായിരുന്നു. ഈശോയുടെ ജീവിതം, അത് സ്നേഹത്തിൽ നിറഞ്ഞു തുളുമ്പുന്നതായിരുന്നു. എന്നാൽ, ആ നിർമ്മല സ്നേഹം അതിന്റെ പരിസമാപ്തിയിലെത്തുന്നത് കാൽവരിയിലെ കുരിശിലാണ്.



ഫാ. സിറിയക് മുപ്പാത്തിയിൽ
MCBS

നമ്മുടെ ഹൃദയവും തിരുഹൃദയവും തമ്മിലുള്ള അകലം അങ്ങ് ദൂരെയല്ല. മറിച്ച്, നഷ്ടപ്പെടലിന്റെയും, കുത്തിപ്പിളർക്കലിന്റെയും എല്ലാം നിമിഷങ്ങളിൽ പരിഭവങ്ങളും, പരാതികളും മൊഴിയാതെ അത് സ്നേഹത്തിന്റെയും സ്വയം ദാനത്തിന്റെയും നല്ല നിമിഷങ്ങളാക്കി മാറ്റുക. അപ്പോൾ നിന്റെ ഹൃദയവും ഒരു തിരുഹൃദയമായിത്തീരും.

കൂടാരത്തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ ജറുസലെം ദേവാലയത്തിൽ വച്ച് ഈശോ ശബ്ദമുയർത്തിപ്പറഞ്ഞു. "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവർ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ

ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ: 7:37:38). ഈശോ ഇതുപറഞ്ഞത് തന്റെ ഉത്ഥാനത്തിന്റെ ഫലമായി അവിടുന്ന് അയക്കുന്ന പരിശുദ്ധാത്മാവിനെപ്പറ്റിയാണ്. എന്നാൽ യോഹന്നാൻ 19, 34 അനുസരിച്ച് പടയാളികളിലൊരുവൻ ഈശോയുടെ ഹൃദയം കുന്തംകൊണ്ട് കുത്തി. ഉടനെ അവിടെ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു." ദാഹിക്കുന്നെങ്കിൽ നാം ചെല്ലേണ്ടതും സമീപിക്കേണ്ടതും ഈശോയിലേക്കാണ്. ഈ വചനം അർത്ഥവത്താകുന്നത് ഈശോയുടെ മരണത്തിലാണ്. "അവിടുത്തെ പാർശ്വത്തിൽ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു" എന്ന വചനത്തിൽ നിന്ന്.

ഈശോയുടെ ഹൃദയത്തിൽ നിന്നും രക്തം പുറപ്പെട്ടു എന്ന് പറയുന്നതിൽ നാം ഒന്ന് മനസ്സിലാക്കാം. ഹൃദയം തുളച്ചപ്പോൾ രക്തം വന്നു എന്നു പറയുന്നത് മാനുഷികമായി മനസ്സിലാക്കാം. എന്നാൽ ജലം വന്നു എന്ന് പറയുന്നതിന്റെ സത്യാവസ്ഥ എന്താണ്? വൈദ്യശാസ്ത്രമനുസരിച്ച്, എല്ലാ മനുഷ്യരുടെയും ഹൃദയം ഒരു ബാഹ്യാവരണങ്ങൾക്കുള്ളിലാണ്. ഈ ആവരണത്തിനുള്ളിൽ ഒരല്പം വെള്ളം ഉണ്ടായിരിക്കും. ഇതിനെ 'പെരികാർഡിയൻ ഫ്ളൂയിഡ്' എന്നു വിളിക്കുന്നു. വളരെയധികം പീഢകൾ സഹിച്ചതുവഴി ഈശോയുടെ ഹൃദയത്തിലെ ഫ്ളൂയിഡിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചു. ഇതിന്റെ ഫലമായി ഹൃദയമിടുപ്പിന്റെ തന്നെ താളം തെറ്റും. മനുഷ്യകുലത്തെ അത്രയധികമായി സ്നേഹിച്ച ഈശോ അങ്ങനെ ഹൃദയംപൊട്ടി മരിക്കുന്നു. മരിച്ച ഉടനെ രക്തം കട്ടപിടിക്കയില്ല. ഒരു പക്ഷെ, ഈശോ മരിച്ച് അധികനേരം ആകുന്നതിന് മുമ്പേ ആ പടയാളി കുന്തംകൊണ്ട് കുത്തി എന്ന് മനസ്സിലാക്കാം. അതുകൊണ്ട് ആ പെരികാർഡിയൽ ഫ്ളൂയിഡ് ജലമായി പുറത്തുവന്നു. ഇതു മെഡിക്കൽ വിവരണം.

സഭാപിതാക്കന്മാർ വളരെ അർത്ഥപൂർണ്ണമായ പ്രതീകങ്ങളുപയോഗിച്ച് ഇതിനെ വ്യാഖ്യാനിക്കുന്നു. വിശുദ്ധ യോഹന്നാൻ ഭാഷ്യമനുസരിച്ച് ഈ ജലം പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. യോഹ 7:39, ഇത് സ്പഷ്ടമായി വ്യാഖ്യാനിക്കുന്നു. ഇതിനെല്ലാം ദൃക്സാക്ഷിയായ യോഹന്നാൻ ശ്ലീഹായ്ക്ക് ഇത് അസാധാരണ പ്രതിഭാസത്തെക്കാൾ ഉപരി ഇത് ഒരു ദൈവിക അടയാളമായിരിന്നു, ആത്മാവിന്റെ സമൃദ്ധിയായിരുന്നു.

വിശുദ്ധ ഗ്രന്ഥം പശ്ചാത്തലത്തിൽ ചിന്തിച്ചാൽ, ആത്മാവും ഹൃദയവും തമ്മിലുള്ള ബന്ധം പെട്ടെന്ന് മനസ്സിലാകും. മനുഷ്യന്റെ ആന്തരികതയെ ചൂണ്ടിക്കാട്ടുന്നതാണ് ഹൃദയം. അതുപോലെതന്നെ, ആത്മാവും മനുഷ്യന്റെ പ്രാണവായുവായി, മനുഷ്യന് ജീവൻ നൽകുന്ന ചൈതന്യമായി ഉള്ളിൽ നിന്ന് വരുന്നു. കുരിശിൽ മരിച്ച ഈശോയുടെ ഹൃദയത്തിൽ നിന്ന് ഒഴുകിയ ജലം പരിശുദ്ധാത്മാവിന്റെ വരവിന്റെ അടയാളമായി വ്യാഖ്യാനിച്ചുതരുന്ന സഭാപിതാക്കന്മാരും ഏറെ.

ഒരുപടി കൂടി കടന്ന്, ഈ വെള്ളവും, രക്തവും തിരുസഭയുടെ കൂദാശകളെ പ്രതിധ്വനിപ്പിക്കുന്നു എന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ, മാമ്മോദീസായും പരിശുദ്ധ കുർബാനയും അന്യോന്യം ബന്ധപ്പെട്ടവയാണ്. മാമ്മോദീസായിൽ ഉപയോഗിക്കുന്ന ജലം പ്രസാദവരത്തിന്റെ അടയാളമായി കാണാൻ എളുപ്പമുണ്ട്. എന്നാൽ, പാപമോചനത്തിനായി ചിന്തപ്പെട്ട ക്രിസ്തുവിന്റെ രക്തത്തോട് സമന്വയിപ്പിച്ചാലെ മാമ്മോദീസായുടെ ശക്തി നമുക്ക് ബോധ്യമാവൂ. "കർത്താവിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവൻ" (വെളിപാട് 7:14), അത് ക്രിസ്തുവിന്റെ രക്തത്തിൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധരാണല്ലോ. മാമ്മോദീസായിലെ ദൃശ്യാടയാളമായ വെള്ളത്തിന് മൂല്യമേകുന്നത് ക്രിസ്തുവിന്റെ തിരുരക്തമാണ്.

എന്നാൽ, വിശുദ്ധ കുർബാനയിൽ, നേരെ മറിച്ചാണ് സംഭവിക്കുക. ക്രിസ്തുവിന്റെ രക്തമാണ് നാം പാനം ചെയ്യുക. ഈ രക്തം പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കുന്നു. തന്റെ മരണത്തിലൂടെ നേടിത്തന്നതും, ഉത്ഥാനശേഷം ശിഷ്യരുടെമേൽ അയച്ച പിരുശുദ്ധാത്മാവ് തന്നെ.

സ്നേഹമുള്ളവരെ, യോഹ 19:37-ൽ പറയു

ന്നതുപോലെ "തന്നെ കുത്തിമുറിവേൽപ്പിച്ചവനെ അവൻ നോക്കി നിൽക്കും" എന്ന വചനം ഒരു പുതുദർശനങ്ങളിലേക്ക് നമ്മെ കൊണ്ടെത്തിക്കണം. അതാണ്, തന്റെ സുവിശേഷം വായിക്കുന്ന ഓരോ വായനക്കാരനിൽ നിന്നും, ഓരോ വിശ്വാസിയിൽ നിന്നും യോഹന്നാൻ ശ്ലീഹാ ആഗ്രഹിക്കുന്നതും. ഇത്തരം ഒരു പുതുദർശനം കിട്ടിയ ഒരു വ്യക്തിയെ യോഹന്നാൻ സുവിശേഷകൻ തന്നെ അവതരിപ്പിക്കുന്നു. അത് മറ്റാരുമല്ല, വിശുദ്ധ തോമാശ്ലീഹാതന്നെ. "ഉത്ഥാനത്തിന്റെ 8 ദിനങ്ങൾക്കു ശേഷം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട ഈശോ തോമായോട് പറഞ്ഞു. "നിന്റെ വിരൽ ഇവിടെ കൊണ്ട് വരുക, എന്റെ കൈകൾ കാണുക, നിന്റെ കൈനീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക" (യോഹ 20:27). അൽപവിശ്വാസിയായിരുന്ന തോമസ് പിന്നീട് ഒരു വിശ്വാസപ്രഘോഷകനായി മാറാൻ ഒരുപാട് നേരം വേണ്ടിവന്നില്ല. അവൻ വിളിച്ചു പ്രഘോഷിച്ചു. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന്. കർത്താവിന്റെ തിരുഹൃദയം കണ്ട ആദ്യഭക്തൻ എന്ന വിശേഷണം തോമാശ്ലീഹായ്ക്ക് ഏറെ അനുയോജ്യം തന്നെ.

"ദാഹിക്കുന്നവർ എന്റെ അടുക്കൽ വരട്ടെ" (യോഹ 7:37). ഇത് ഈശോയുടെ ക്ഷണമാണ്. മനുഷ്യർക്ക് ദാഹമുണ്ട്. പൂർണ്ണതയ്ക്കുവേണ്ടിയുള്ള ദാഹം, സ്നേഹത്തിന് വേണ്ടിയുള്ള ദാഹം, സന്തോഷത്തിനുവേണ്ടിയുള്ള ദാഹം എന്നിങ്ങനെ ഏറെ ദാഹങ്ങൾ. എന്നാൽ നമ്മുടെ ഏകാന്തതയിൽ നിന്നും, സ്നേഹത്തിനായുള്ള ഭിക്ഷാടനത്തിൽ നിന്നും നമുക്ക് മോചനം പ്രാപിക്കാം. എളുപ്പവഴി എപ്പോഴും നമ്മെ കൈനീട്ടി സ്വീകരിക്കുന്ന ഈശോയിലേക്ക് എത്തുക എന്നതുമാത്രം.

ഇരുകൈനീട്ടി, ഹൃദയം തുറന്ന് നമുക്കായി ദാഹിക്കുന്ന തിരുഹൃദയ രൂപം ഇനിയെങ്കിലും മനസ്സിൽ ആഞ്ഞുപതിയട്ടെ. മനസാക്ഷിയില്ലാത്ത ഇന്നത്തെ ലോകർക്ക് മുമ്പിൽ ഈശോയുടെ തിരുഹൃദയം ഒരു ചോദ്യചിഹ്നമാവട്ടെ. വചനം പറയുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരട്ടെ ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം (മത്താ: 11:20-29). വിനീതവും, ശാന്തവുമായ അവിടുത്തെ തിരുഹൃദയത്തിൽ നമുക്ക് ആശ്വാസം കണ്ടെത്താം. ◆

